(ബി) നിലവിലുള്ള തീവണ്ടിപ്രാതകം ഇരട്ടിപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ടോ ?

വൈദ്യുതിമന്ത്രി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) 21.74 കോടി രൂപ.

(ബി) 1984-ൽ സംസ്ഥാന സർക്കാർ കേന്ദ്ര റയിൽവേ മന്ത്രിക്കു സമർപ്പിച്ച നിവേദനത്തിലൂടെ എറണാകുളം—തിരുവനന്തപുരം ലൈനും ഷൊർണൂർ—കണ്ണൂർ ലൈനും ഇരട്ടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

നെൽകൃഷിക്കാർക്കുള്ള വള സബ്സിഡി

* 281 [421] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, ടി. പി. പീതാംബരൻ മാസ്റ്റർ :
,, എ. കെ. ശശീന്ദ്രൻ :
,, കെ. ശങ്കരനാരായണപിള്ള :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെയും തൃശ്ശൂർ കോൾ നിലങ്ങളിലെയും നെൽകൃഷിക്കാർക്ക് വളം സബ്സിഡി നൽകിയത് എന്നുമുതലാണ് ;

(ബി) 1982-83 മുതൽ 1985-86 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും കുട്ടനാട്ടിലെയും തൃശ്ശൂർ കോൾ നിലങ്ങളിലെയും നെൽകൃഷിക്കാർക്ക് വളം സബ്സിഡി ഇനത്തിൽ നൽകിയ സംഖ്യ എത്ര ;

(സി) ഈ ഇനത്തിൽ ഇതുവരെ എത്ര സംഖ്യ ചെലവായി ;

(ഡി) ഈ സാമ്പത്തിക വർഷം ഈ ആവശ്യത്തിനുവേണ്ടി നീക്കിവച്ച സംഖ്യ എത്ര ;

(ഇ) അതിൽ ചെലവഴിച്ച സംഖ്യ എത്ര ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 1983-84 മുതലാണ്.

(ബി) 1982-83 സാമ്പത്തിക വർഷത്തിൽ വളം സബ്സിഡി നൽകിയിട്ടില്ല. 1983-84 സാമ്പത്തിക വർഷത്തിൽ 58,670 രൂപയും 1984-85 സാമ്പത്തിക വർഷത്തിൽ 52,38,340 രൂപയും 1985-86 സാമ്പത്തിക വർഷത്തിൽ 49,74,768 രൂപയും വളം സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) 1983-84 മുതൽ ഇതുവരെ ഈ ഇനത്തിൽ 1,02,71,778 രൂപ ചെലവായിട്ടുണ്ട്.

(ഡി) യും (ഇ) യും. ഈ വർഷത്തെ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly